പത്രലേഖകന്മാരുടെ നിവേദനം.

* 1354. [2] ശ്രീ. എം. ഗോപാലൻകുട്ടി നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറിലെ പത്രലേഖകന്മാരുടെ ചില ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കോഴിക്കോട്ട് പത്രലേഖക സംഘത്തിൽനിന്നും വല്ല നിവേദനവും ഗവണ്മെൻറിലേക്ക് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർ ഉന്നയിച്ചിരുന്ന പ്രധാന ആവശ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഇക്കാര്യത്തിൽ ഗവണ്മെൻറ് എന്തു നടപടികൾ എടുത്തു?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

(എ) ഈ സ്റ്റേറിലെ പത്രലേഖകന്മാരുടെ ചില ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കോഴിക്കോട്ട് പത്രലേഖക സംഘത്തിൽനിന്നും നിവേദനങ്ങൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട്.

(ബി) പ്രധാനമായി അവർ 9 ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്; അവ താഴെ പറയുന്നവയാണ്.

(1) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും, സഹമന്ത്രിമാരുടേയും പര്യടന പരിപാടികൾ റിപ്പോർട്ട് ചെയ്യുവാൻ പത്രലേഖകന്മാർക്ക് ഗവണ്മെൻറ് വകയായി വാഹനസൗകര്യം ഏർപ്പെടുത്തണം.

(2) ജില്ലാ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പത്രലേഖകന്മാർക്കും പത്രപ്രതിനിധികൾക്കും അക്രഡിറ്റേഷൻ നൽകണം.

(3) ജില്ലാ കളക്ടറേറ്റിലുള്ള പ്രസ്സ് റൂമിൻെറ പ്രവർത്തനം കൂടുതൽ സജീവമാക്കണം. കൂടുതൽ വിവരങ്ങൾ പ്രസ്സ് റൂമിലൂടെ ലഭിക്കാൻ സൗകര്യപ്പെടുത്തണം. ദേശീയപുനർനിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയെപ്പറ്റിയും മറ്റും ഉള്ള റിപ്പോർട്ടുകൾ ലഭിക്കുമാറാകണം.

(4) വാർത്താ ശേഖരണത്തിൽ ഇന്നു പത്രലേഖകന്മാർക്ക് നേരിടുന്ന നാനാതരം വിഷമതകളും പരിഹരിക്കണം.

(5) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും, ബഹുമാനപ്പെട്ട മന്ത്രിമാരുടേയും പര്യടനപരിപാടികളുടെ വിവരം മുമ്പ് മദ്രാശി ഗവണ്മെൻറ് ചെയ്തുപോന്നിരുന്നതുപോലെ നേരത്തെതന്നെ ജില്ലാ തലസ്ഥാനങ്ങളിലെ പത്രലേഖകന്മാർക്ക് ഗവണ്മെൻറ് അയച്ചുകൊടുക്കണം.

(6) പ്രൈവറ്റ് ബസ്സുകളിൽ യാത്ര ചെയ്യുന്ന പത്രലേഖകന്മാർക്ക് കൺസഷൻ അനുവദിക്കാൻ നിർദ്ദേശം നൽകണം.

(7) രോഗബാധിതരായ പത്രലേഖകന്മാർക്ക് വിഷമംകൂടാതെ ആശുപത്രികളിലും, ടി ബി. സാനിട്ടോറിയത്തിലും പ്രവേശനം ലഭിക്കാൻ നിർദ്ദേശം നൽകണം.

(8) മലബാർ പ്രദേശത്തെ പത്രലേഖകന്മാർക്ക് ഒരു ക്ലബ്ബ് സ്ഥാപിക്കാൻ കെട്ടിടം നിർമ്മിക്കുന്നതിനു ആവശ്യമായ സ്ഥലം ഗവണ്മെൻറ് അനുവദിക്കണം.

(9) ജില്ലാ കളക്ടർമാരും മറ്റു പ്രധാനപ്പെട്ട ജില്ലാ ഉദ്യോഗസ്ഥന്മാരും മാസത്തിലൊരിക്കലെങ്കിലും പത്രലേഖകന്മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടണം.

(സി) അക്രഡിറ്റേഷൻ സംബന്ധിച്ചുള്ള നടപടികളിൽ തീരുമാനമെടുത്തു ഗവണ്മെൻറംഗീകാരത്തിനു സമർപ്പിക്കേണ്ടതു റിക്കഗ്നൈസ്ഡ് ജേർണലിസ്റ്റുകളുടെ അംഗീകൃത സംഘടനകളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും അംഗങ്ങളായും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും പബ്ലിക് റിലേ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷൻസ് ഡയറക്ടർ കൺവീനറായും രൂപീകരിച്ചിട്ടുള്ള പ്രസ് അക്രഡിറേഷൻ കമ്മിറ്റിയാണ്. ഇക്കാര്യങ്ങളെല്ലാം പ്രസ് അക്രഡിറേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി വയ്ക്കുന്നതാണ്. കമ്മിറ്റിയുടെ ശുപാർശകൂടി ലഭിച്ചശേഷം ഗവണ്മെൻറ് അവയെപ്പറ്റി ആലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. ഗോപാലൻകുട്ടി നായർ: ഏതെല്ലാം ആവശ്യങ്ങളാണ് ഇപ്പോൾ അനുവദിച്ചുകൊടുത്തിട്ടുള്ളതെന്ന് പറയാമോ?

ശ്രീ. ടി. അബ്ദുൾ മജീദ്: മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും പര്യടന പരിപാടികൾ പ്രധാനപ്പെട്ടവ റിപ്പോർട്ട് ചെയ്യുവാൻ ചിലപ്പോഴൊക്കെ വാഹനസൗകര്യം കൊടുക്കാറുണ്ട്. പ്രസ്ക്ലബ്ബും സൗകര്യങ്ങൾ കാര്യക്ഷമമാക്കുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. പര്യടന പരിപാടികളുടെ വിവരം പത്രലേഖകന്മാർക്ക് നേരത്തെ അയച്ചുകൊടുക്കുവാൻ വേണ്ട ഏർപ്പാട് ചെയ്തിട്ടുണ്ട്. മാസത്തിലൊരിക്കലെങ്കിലും പത്രലേഖകന്മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടുവാൻ നിർദ്ദേശം നൽകുന്നുണ്ട്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: പത്രപ്രവർത്തകന്മാരുടെ പേരിൽ എടുത്തിട്ടുള്ള കേസ്സുകൾ പിൻവലിക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. അബ്ദുൾ മജീദ്: ഇല്ല.

എം. നാരായണക്കുറുപ്പ്: ജില്ലാ അടിസ്ഥാനത്തിൽ പത്രലേഖകന്മാരുടെ സമ്മേളനത്തെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണോ ഗവണ്മെൻറിൻെറ നയം?

ശ്രീ. ടി. അബ്ദുൾ മജീദ്: ജില്ലാ അടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങളെപ്പറ്റി അതാതു ജില്ലകളിലുള്ള പത്രലേഖകന്മാരെ വിളിച്ചുകൂട്ടി പ്രതിപാദിക്കുന്നതു് നന്നായിരിക്കുമെന്നും ഗവണ്മെൻറിനഭിപ്രായമുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇത്തരം കാര്യങ്ങളിൽ ദൃശ്യമാകാവുള്ള അംഗീകൃതനയം വികസനപ്രവർത്തനങ്ങളെ വിമർശിച്ചുകൊണ്ടുള്ളതാണെന്നും ഗവണ്മെൻറും മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ടി. അബ്ദുൾ മജീദ്: അവയെപ്പറ്റി വിമർശനം നടത്തുന്നതു് ആരോഗ്യകരമായ ഒരു പ്രവർത്തനമാണെന്നും ഗവണ്മെൻറും വിചാരിക്കുന്നുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇങ്ങനെയുള്ള സമ്മേളനങ്ങളിൽവച്ച് നീതിന്യായത്തെ പരാമർശിക്കുന്ന പ്രസ്താവനകൾക്കുറിച്ച് ഉണ്ടാകാവുന്നതെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. അബ്ദുൾ മജീദ്: നീതിന്യായത്തെ സ്പർശിക്കാതിരിക്കുവാൻ പ്രത്യേകം ഏർപ്പാട് ചെയ്യാം.

ദേവികുളം ഉപതിരഞ്ഞെടുപ്പിൻെറ ചെലവുകൾ.

* 1355. [3] † ശ്രീ. പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം ഉപതിരഞ്ഞെടുപ്പിനു ഗവണ്മെൻറിനു് ആകെ എന്തു ചെലവായി ;

(ബി) തിരഞ്ഞെടുപ്പു ജോലികൾക്കു നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥന്മാരുടെ അലവൻസു കൊടുത്തു തീർത്തിട്ടുണ്ടോ ;

(സി) ഗവണ്മെൻറുപയോഗിച്ച പ്രൈവറ്റ് ബസ്സുകളുടെ വാടക മുഴുവനും കൊടുത്തിട്ടുണ്ടോ ?

† As the Member was absent the question was put by Shri R. Sugathan, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly